©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ആഗസ്റ്റ് 3<br>3rd August 2021<br>1196 കർക്കടകം 18<br>18th Karkadakam 1196<br>1943 ശ്രാവണം 12<br>12th Sravana 1943 | നമ്പർ<br>No. | 31 |

## PART III

# Commissionerate of Land Revenue

(2)

നമ്പർ എ3-12127/2021. 2021 ജൂലൈ 23.

കാട്ടാക്കട താലൂക്കിൽ പെരുങ്കുളം വില്ലേജിൽ പൂവച്ചൽ പി. ഒ., പുന്നാംകരിക്കകം, മണിവീണ എന്ന വിലാസത്തിൽ എൻ. സുജികുമാർ മരിച്ചുപോയതിനാൽ പരേതന്റെ പേരിൽ ലഭിക്കാനുള്ള ആനുകൂല്യങ്ങൾ വാങ്ങുന്നതിനും മറ്റാവശ്യങ്ങൾക്കുമായി ഒരു അവകാശ സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന് കാണിച്ച് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിലാസത്തിലെ താമസക്കാരിയായ ഷീബ, എൽ. എസ്. ബോധിപ്പിച്ച അപേക്ഷയിൻമേൽ പെരുങ്കുളം വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തുകയും റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളതും അതിൻ പ്രകാരം ടിയാൻ 1-7-2021-ൽ മരിച്ചുപോയതായും പരേതന്റെ നിയമാനുസൃത അവകാശികളായി ചുവടെ ചേർക്കുന്നവരാണുള്ളതെന്നും കാണുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ഷീബ, എൽ. എസ്. | ഭാര്യ | 44 |
| 2 | ഗിരിശങ്കർ, എസ്. എസ്. | മകൻ | 18 |
| 3 | ആവണി, എസ്. | മകൾ | 16 |

പരേതന്റെ മാതാവ് ജീവിച്ചിരിപ്പില്ല. മൈനർ സന്താനം ഒന്നാം കക്ഷിയുടെ സംരക്ഷണയിലാണ്. പരേതന്റെ പേരിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് മുഖേന ലഭിക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും വാങ്ങുന്നതിനുള്ള അവകാശികൾ മേൽപ്പറഞ്ഞവർ മാത്രമാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം അവർ ആ വിവരം പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ട് ബോധിപ്പിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞും തപാൽ വഴിയും ലഭിക്കുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കാട്ടാക്കട. തഹശീൽദാർ.

---

## KOLLAM DISTRICT

ലേല പരസ്യം

നമ്പർ DCKLM/3424/2020-L3. 2021 ജൂലൈ 22.

പുനലൂർ താലൂക്കിൽ ഇടമൺ വില്ലേജിൽ Sy. 70/1 ബി-ൽപ്പെട്ട സർക്കാർ പുറമ്പോക്ക് സ്ഥലത്ത് നിൽക്കുന്ന ഒരു മരുത് മരം ചുവട്ടിൽ നിന്നും രണ്ടായി പിരിഞ്ഞു നിൽക്കുന്ന ഒരു ഗുൽമോഹർ മരം എന്നിവ 25-8-2021 തീയതി പകൽ 11 മണിക്ക് ഇടമൺ വില്ലേജാഫീസ് പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ടി മരങ്ങൾക്ക് വനം വകുപ്പ് ₹ 42,787.39 വില നിശ്ചയിച്ച് (മരുത് ₹ 40,780.58, ഗുൽമോഹർ ₹ 703.96, ഗുൽമോഹർ ₹ 1,302.85) നൽകിയിട്ടുള്ളതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സമയത്തും സ്ഥലത്തും ഹാജരായി മതിയായ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതും ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം താത്ക്കാലികമായി ഉറപ്പിക്കുകയും നിരതദ്രവ്യം കഴിച്ചുള്ള തുകയും നിയമാനുസൃത മറ്റ് നികുതികളും അപ്പോൾത്തന്നെ ഒടുക്കേണ്ടതും ലേലം സ്ഥിരീകരിച്ചുകൊണ്ട് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ലേലം കൊണ്ടയാൾ സ്വന്തം ചെലവിൽ ലേല സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ മേൽ നിശ്ചയിച്ച തീയതിയിൽ ലേലം വിജയകരമായി നടത്തുവാൻ സാധിച്ചില്ലെങ്കിൽ അനുയോജ്യമായ മറ്റൊരു ദിവസം നിശ്ചയിക്കുന്നതും ടി തീയതിയിൽ പുനർലേലം നടത്തുന്നതുമാണ്. ലേലം അംഗീകരിക്കുന്നതിനും നിരാകരിക്കുന്നതിനും കൊല്ലം ജില്ലാ കളക്ടർക്കാണ് പൂർണ്ണ അധികാരം. സാധാരണ സർക്കാർ ലേലങ്ങളെ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

| ക്രമ നമ്പർ | ഇനം | ചുറ്റുവണ്ണം സെ.മീ | തടിയുടെ അളവ് | നിരക്ക് ക്യു.മീ. | വില ₹ | വിറകിന്റെ അളവ് (മെ.ടൺ) | നിരക്ക് (മെ. ടൺ) | തുക ₹ | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | ഗുൽമോഹർ | 115 | 0.552 | 1650 | 910.80 | 0.443/2 | 1770 | 392.05 | 1,302.85 |
| 2 | ഗുൽമോഹർ | 90 | 0.218 | 1650 | 359.70 | 0.389/2 | 1770 | 344.26 | 703.96 |
| 3 | മരുത് | 242 | 2.875 | 13093 | 37642.38 | 3.546/2 | 1770 | 3138.21 | 40,780.59 |
| | | | | | | | **ആകെ** | | **42,787.4** |

(ഒപ്പ്)

കളക്ടറേറ്റ്, കൊല്ലം. ജില്ലാ കളക്ടർ.



Salim A
Digitally signed by Salim A
Date: 2021.09.20 18:05:35 +05'30'